പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 152

26.02.2018 ൽ
മറുപടിക്ക്

## പൊൻകുന്നം, കറുകച്ചാൽ പോലീസ് സ്റ്റേഷനുകളോട് അനുബന്ധമായുള്ള ഭൂമി

| ചോദ്യം | | മറുപടി |
|---|---|---|
| ഡോ. എൻ. ജയരാജ് | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) | പൊൻകുന്നം, കറുകച്ചാൽ പോലീസ് സ്റ്റേഷനുകളോട് ചേർന്ന് ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി എത്രയുണ്ടെന്ന് വ്യക്തമാക്കാമോ; | എ) പൊൻകുന്നം പോലീസ് സ്റ്റേഷനോട് ചേർന്ന് 1.5 ഏക്കർ ഭൂമിയും കറുകച്ചാൽ പോലീസ് സ്റ്റേഷനിൽ ഒരു ഏക്കർ മുപ്പത്തി രണ്ട് ദശാംശം അഞ്ച് സെന്റ് ഭൂമിയുമാണ് ഉപയോഗിക്കാതെ കിടക്കുന്നത്. |
| ബി) | പ്രസ്തുത ഭൂമിയുടെ കൈവശാവകാശം ആരിൽ നിക്ഷിപ്തമാണെന്നും ആയതിന്റെ സർവ്വേ നമ്പറുകളും വെളിപ്പെടുത്താമോ; | ബി) പൊൻകുന്നം പോലീസ് സ്റ്റേഷന്റേയും കറുകച്ചാൽ പോലീസ് സ്റ്റേഷന്റേയും ഭൂമിയുടെ ഉടമസ്ഥാവകാശം പോലീസ് വകുപ്പിനാണ്. കാഞ്ഞിരപ്പള്ളി താലൂക്ക്, ചിറക്കടവ് വില്ലേജ് സർവ്വേ നം. 1/184 (പഴയ സർവ്വേ 10/1417) ബ്ലോക്ക് നമ്പർ 15 ൽ പെട്ടതാണ് പൊൻകുന്നം പോലീസ് സ്റ്റേഷന്റെ ഭൂമി. ചങ്ങനാശ്ശേരി താലൂക്ക് കറുകച്ചാൽ വില്ലേജ് റീസർവ്വേ ബ്ലോക്ക് നം. 15, സർവ്വേ നം. 251/1/എ 3/1 ൽ പെട്ടതാണ് കറുകച്ചാൽ പോലീസ് സ്റ്റേഷന്റെ ഭൂമി. |
| സി) | ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയിൽ 2018-19 ബജറ്റിൽ ടോക്കൺ ലഭിച്ച പോലീസ് ക്വാർട്ടേഴ്സ് കോംപ്ലക്സും പരേഡ് ഗ്രൗണ്ട് നിർമ്മാണവും എന്ന പദ്ധതി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | സി) ഇതു സംബന്ധിച്ച് ശുപാർശ ലഭിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ